പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **5139**

06.02.2014 ൽ മറുപടിയ്ക്ക്

## കിളിമാനൂർ മംഗളം ദിനപത്രത്തിന്റെ ലേഖകൻ ശ്രീ. എസ്. രാജനെ മർദ്ദിച്ച കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കിളിമാനൂരിൽ മംഗളം ദിനപത്രത്തിന്റെ ലേഖകൻ ശ്രീ.എസ്. രാജനെ പട്ടാപ്പകൽ റോഡിലിട്ട് മർദ്ദിക്കുകയും കാൽ തല്ലിയൊടിക്കുകയും ചെയ്ത കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;<br><br>(ബി) പ്രസ്തുത കേസിൽ പ്രതി ചേർക്കപ്പെട്ടവരുടെ പേര് വിവരം, ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ ? | (എ) & (ബി) കിളിമാനൂർ ഭാഗത്തെ മംഗളം ദിനപത്രത്തിന്റെ ലേഖകൻ ശ്രീ.എസ്. രാജൻ എന്നയാൾക്ക് 19.01.2014 രാവിലെ 9.15 മണിക്ക് കിളിമാനൂർ ടൗണിൽ വച്ച് ദേഹോപദ്രവമേറ്റതുമായി ബന്ധപ്പെട്ട് കിളിമാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 78/14 u/s 324, 326 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവെ, കുറ്റകരമായ നരഹത്യാ ശ്രമം കൂടി നടന്നുവെന്ന് വെളിവായിട്ടുള്ളതിനാൽ Section 308 IPC കൂടി ചേർത്ത് അന്വേഷണം നടത്തിവരികയാണ്. ഇതു സംബന്ധിച്ച് കൂടുതൽ സാക്ഷികളെ കണ്ടുചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും ആവലാതിക്കാരന്റെ മൊഴിയിൽ വിവരിച്ചിട്ടുള്ള രൂപസാദൃശ്യമുള്ള ആൾക്കാരെ കണ്ടെത്തി ടിയാനെ കാണിച്ചെങ്കിലും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ കുറ്റകൃത്യം ചെയ്തത് ആരാണെന്നോ വിരോധ കാരണം എന്താണെന്നോ വെളിവായിട്ടില്ല. കേസിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ